# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ . *476 — 4/7/2012 ൽ മറുപടിക്ക്

## പോലീസ് സേനയിൽ വിദഗ്ദ്ധ അന്വേഷണ വിഭാഗം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ):<br>ശ്രീ.ഇ.പി. ജയരാജൻ:<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ:<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രത്യേക അന്വേഷണങ്ങൾ നടത്തുന്നതിന് പോലീസ് സേനയിൽ വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇപ്പോഴത്തെ സംവിധാനങ്ങൾക്കുള്ള എന്തെല്ലാം പോരായ്മകളാണ് പുതിയ സംവിധാനം വഴി നികത്താൻ കഴിയുകയെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇതു സംബന്ധിച്ച ഹൈക്കോടതി വിധി എന്തായിരുന്നു;<br><br>(സി) സ്റ്റേറ്റ് പോലീസ് ചീഫിൽ നിന്നും ഇക്കാര്യത്തിൽ ലഭിച്ച റിപ്പോർട്ട് പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (എ)യും, (ബി)യും, (സി)യും) : ഉണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16.02.2011 -ൽ പുറപ്പെടുവിച്ച WP(C) നം. 685/2011-ന്റെ വിധിന്യായത്തിൽ ഡെൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ആക്റ്റ്, 1946 മാതൃകയിൽ സംസ്ഥാനത്തെ പോലീസ് സേനയിൽ 'സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ' എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ആലോചന നടത്തുവാനും അനുയോജ്യ പരിഹാര നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇതു സംബന്ധിച്ച് സ്റ്റേറ്റ് പോലീസ് ചീഫിൽ നിന്നുള്ള റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ